പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 7882 16. 07. 2014 ൽ മറുപടിക്ക്

**വൈദ്യുത ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ. നാരായണൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങൾക്ക് വീണ്ടും വൈദ്യുതി നൽകുന്നുണ്ടോ ; | (എ) | പുനസ്ഥാപിച്ച നൽകിയിട്ടുണ്ട്. പ്രധാനമായും കേരളാ വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ മെഡിക്കൽ കോളജുകൾ ഉൾപ്പെടെയുള്ള ആശുപത്രികൾ, മറ്റ സർക്കാർ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾ എന്നിവർക്കും തവണവ്യവസ്ഥയിൽ പണമടയ്ക്കുന്ന ഉപഭോക്താക്കൾക്കും കോടതിയുടെ നിർദ്ദേശപ്രകാരം മുഴുവൻ തുക അടയ്ക്കാതെ കണക്ഷൻ പുനസ്ഥാപിച്ചു കിട്ടിയവർക്കും മുഴുവൻ കുടിശിക അടച്ചില്ലെങ്കിൽ കൂടിയും വൈദ്യുതി ബന്ധം നിലനിർത്തിയിട്ടുണ്ട്. |
| (ബി) ഈ സ്ഥാപനങ്ങൾ എതെല്ലാമാണെന്ന് വ്യക്തമാക്കുമോ ? ; | (ബി) | വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന ഉപഭോക്താക്കൾ, സർക്കാർ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, സർക്കാർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിൽ കോടതി നിർദ്ദേശപ്രകാരം കണക്ഷൻ നല്കുന്ന താന്നിക്കടം ഭഗവതി മിൽസ്, ഹംസവേണി കാർബൈഡ്, സതേൺ ഇസ്പാറ്റ് ലിമിറ്റഡ് തുടങ്ങിയവ ഈ ഗണത്തിൽ വരുന്നു. ഇവയെല്ലാം എച്ച്.റ്റി/ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്നതാണ്. എൽ.റ്റി. വിഭാഗത്തിൽ വാട്ടർ അതോറിറ്റി, മെഡിക്കൽ കോളേജ്, ജില്ല/ താലൂക്ക് ആശുപത്രികൾ, പോലീസ്, കൃഷി ഭവൻ മുഖേന വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന കാർഷിക കണക്ഷനുകൾ തുടങ്ങിയവയും Hon'ble High Court-ന്റെ ഉത്തരവ് പ്രകാരം കോട്ടയം വെച്ചൂർ കർഷക സഹകരണ സംഘത്തിനും വീണ്ടും വൈദ്യുതി നൽകുന്നുണ്ട്. കൂടാതെ റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡിന്റെ മൊബൈൽ |

ടവറുകൾക്ക് 2014 ജൂൺ മാസത്തെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ജൂലൈ 15 വരെ സാവകാശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ